"ഭരണഭാഷ- മാതൃഭാഷ"

## പതിനാലാം കേരള നിയമസഭ

**<u>പത്തൊമ്പതാം സമ്മേളനം</u>**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **2392**

**12-03-2020-** ൽ മറുപടിയ്ക്ക്

### വനപാലകരുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

**(എ)** 2010 മുതൽ നടപ്പ വർഷം വരെ വനം-വന്യജീവി സംരക്ഷണ ജോലിക്കിടയിൽ വിവിധ അപകടങ്ങളിൽപെട്ട് മരണപ്പെട്ടിട്ടുള്ള വനപരിപാലകരുടെ വിവരങ്ങൾ തസ്തിക, എണ്ണം, വർഷം എന്നീ ക്രമത്തിൽ ലഭ്യമാക്കുമോ ;

**(എ)** 2010 മുതൽ നടപ്പുവർഷം വരെ വന്യജീവി സംരക്ഷണ ജോലിക്കിടയിൽ വിവിധ അപകടങ്ങളിൽപ്പെട്ട് മരണപ്പെട്ടിട്ടുള്ള വനപരിപാലകരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | തസ്തിക | എണ്ണം | വർഷം |
|---|---|---|---|
| 1. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 1 | 2010 |
| 2. | ട്രൈബൽ വാച്ചർ | 1 | 2014 |
| 3. | ട്രൈബൽ വാച്ചർ | 1 | 2015 |
| 4. | ഫോറസ്റ്റ് വാച്ചർ | 1 | 2016 |
| 5. | ട്രൈബൽ വാച്ചർ | 1 | 2018 |
| 6. | ട്രൈബൽ വാച്ചർ | 1 | 2019 |
| 7. | റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 | 2020 |
| 8. | ട്രൈബൽ വാച്ചർ | 2 | 2020 |

2012, 2018, 2019 എന്നീ വർഷങ്ങളിൽ ഒരോ താൽക്കാലിക വാച്ചർമാരും 2020-ൽ 2 താൽക്കാലിക വാച്ചർമാരും മരണപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത വനപരിപാലകരുടെ കുടുംബങ്ങൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ള മരണാനന്തര സഹായത്തെ സംബന്ധിച്ചും ആശ്രിത നിയമനങ്ങളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

**(ബി)** 2010-ൽ മരണപ്പെട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ശ്രീ. ദേവദാസിന്റെ കുടുംബത്തിന് സർക്കാർ 5 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ടിയാന്റെ ഭാര്യയ്ക്ക് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി നൽകിയിട്ടുമുണ്ട്.

2012-ൽ മരണപ്പെട്ട താൽക്കാലിക വാച്ചറായിരുന്ന ശ്രീ. വി. വി. സുബ്രഹ്മണ്യന്റെ

മകനായ ശ്രീ. വി. എസ്. ലാലുവിന് ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ എറണാകുളം ജില്ലയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ജോലി നൽകിയിട്ടുണ്ട്. ടിയാന്റെ രണ്ട് പെൺമക്കളുടെ പേരിൽ ഒരോ ലക്ഷം രൂപ വീതം സ്ഥിരനിക്ഷേപമായി ബാങ്കിൽ നിക്ഷേപിച്ച് 30/07/2012-ലെ ജി.ഒ.(എം.എസ്) 93/12/വനം നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ. വി.എ. ശങ്കരൻ, ശ്രീ. എ.കെ. വേലായുധൻ, ശ്രീ. വി.വി. സുബ്രഹ്മണ്യൻ എന്നീ മൂന്ന് ജീവനക്കാരുടെ കുടുംബാംഗങ്ങൾക്ക് കേരള സർക്കാർ അനുവദിച്ച ഏഴരലക്ഷവും, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഒരു ലക്ഷവും W.W.F -ന്റെ 25,000/- രൂപയുമടക്കം 8.75 ലക്ഷവും നൽകിയിട്ടുള്ളതാണ്. ട്രൈബൽ വാച്ചർ കെ.യു.ദിവാകരന്റെ കുടുംബാംഗത്തിന് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

2015-ൽ മരണപ്പെട്ട ശ്രീ. ബസവൻ, s/o. കാളൻ എന്നയാളുടെ കുടുംബത്തിന് 2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ ടിയാന്റെ ഭാര്യ ഗൗരിയ്ക്ക് വനം വകുപ്പിൽ ട്രൈബൽ വാച്ചറായി ആശ്രിത നിയമനവും നൽകിയിട്ടുണ്ട്.

2016-ൽ ജോലിക്കിടയ്ക്ക് മരണപ്പെട്ട ഫോറസ്റ്റ് വാച്ചറായ ശ്രീ. ബൊമ്മന്റെ കുടുംബത്തിന് അപകട ഇൻഷ്വറൻസ് 10 ലക്ഷം രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2018-ൽ മരണപ്പെട്ട ശ്രീ. കരിയന്റെ കുടുംബത്തിന് നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ ഉള്ളതിൽ 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി 5 ലക്ഷം നൽകുന്നതിനും കൂടാതെ ആശ്രിത നിയമനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

2019-ൽ കോട്ടയം ഹൈറേഞ്ച് സർക്കിളിൽ മാങ്കുളം ഡിവിഷനിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ മരണപ്പെട്ട താൽക്കാലിക വാച്ചർക്ക് 10 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

2020--ൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ട്രൈബൽ വാച്ചർ ശ്രീ. ബിജു എ എസ് എന്ന ജീവനക്കാരന്റെ ആശ്രിതർക്ക്

| | | | |
|---|---|---|---|
| | | | റാന്നി എഫ്.ഡി.എ.യിൽ നിന്ന് അടിയന്തിര ധനസഹായമായി 25,000/- രൂപ നൽകിയിട്ടുള്ളതാണ്. കൂടാതെ റാന്നി എഫ്.ഡി.എ.യിൽ നിന്നും ഒരു ലക്ഷം രൂപയും സതേൺ സർക്കിളിന് കീഴിലുള്ള വിവിധ എഫ്.ഡി.എ.യിൽ നിന്നും ഒന്നര ലക്ഷം രൂപയും പെരിയാർ ടൈഗർ ഫൗണ്ടേഷനിൽ നിന്ന് രണ്ടര ലക്ഷം രൂപയും ടിയാന്റെ കുടുംബത്തിന് നൽകി. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നിലവിലുള്ള നിയമ പ്രകാരം അനുവദിക്കാവുന്ന 10 ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപയും കൈമാറി. ബാക്കിയുള്ള 5 ലക്ഷം രൂപയും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കാട്ടുതീ, മൃഗങ്ങളുടെ ആക്രമണം ഉൾപ്പെടെയുള്ളവയെ നേരിടുവാൻ വനപരിപാലകർക്ക് നൽകിയിട്ടുള്ള വിദഗ്ദപരിശീലനങ്ങൾ, ആധുനിക ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | കാട്ടുതീ പ്രതിരോധിക്കുന്നതിനായി പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനം വകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയവയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും അഗ്നി പ്രതിരോധമുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും, സ്റ്റാഫിനും, ഷൂ, ഫയർബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ. ഫയർ റെസ്റ്റ് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക്പമ്പ്സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, Hightech 16 Lyr.Manual Sprayers, Force Gun, Oleo mac Sprayer with 708 petrol engine, Honda made 5 HP Engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്. |

Signature valid

Digitally signed by SAJ EVAN M K
Date: 2020.03.12 1 :49 IST
Reason: Approved

സെക്ഷൻ ഓഫീസർ.